"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - പത്തനംതിട്ട ജില്ലയിലെ മൈലപ്ര സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് സുനിൽകുമാർ ജി. (Late)-യുടെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.82/2025/AYUSH തീയതി, തിരുവനന്തപുരം, 14-02-2025

---

പരാമർശം:- (1) ശ്രീമതി പ്രഭ വി., W/o. സുനിൽകുമാർ ജി. (Late) സമർപ്പിച്ച 02/06/2021-ലെ അപേക്ഷ.

(2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04/02/2023-ലെ (എൽ.ഡിസ്) എംആർ5-13281/2022/ആ.വ.ഡ. - നമ്പർ കത്ത്.

(3) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 01/03/2023, 28/01/2025 എന്നീ തീയതികളിലെ DHTVM/264/2022-A4 - നമ്പർ കത്തുകൾ.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ മൈലപ്ര സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് സുനിൽകുമാർ ജി. (Late)-യ്ക്ക് 31/03/2021 മുതൽ 08/04/2021 വരെ കൊച്ചിയിലെ അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിനായി പരാമർശം-(1) പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശം-(2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ 1,03,289/- രൂപ അനുവദനീയത അറിയിച്ചിട്ടുണ്ടെങ്കിലും, ടിയാൾ ചികിത്സ തേടിയത് സ്വകാര്യ ആശുപത്രിയിലായതിനാൽ ടി തുകയുടെ 80% കണക്കാക്കി അനുമതി നൽകണമെന്ന് പരാമർശം-(3) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ മൈലപ്ര സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് സുനിൽകുമാർ ജി. (Late)-യ്ക്ക് 31/03/2021 മുതൽ 08/04/2021 വരെ കൊച്ചിയിലെ അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 1,03,289/- രൂപയുടെ 80% ആയ 82,631/- രൂപ (എൺപത്തി രണ്ടായിരത്തി

അറുന്നൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി (i/c), തിരുവനന്തപുരം. (ബില്ലുകളും, അനുബന്ധരേഖകളും സഹിതം)
2. ശ്രീമതി പ്രഭ വി., W/o. സുനിൽകുമാർ ജി (Late), ഫാർമസിസ്റ്റ്, സർക്കാർ ഹോമിയോ ഡിസ്പെൻസറി, മൈലപ്ര, പത്തനംതിട്ട. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖാന്തിരം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), പത്തനംതിട്ട.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. ആരോഗ്യ-കുടുംബക്ഷേമ (ജി) വകുപ്പ്. (15/07/2024-ലെ Health-G2/493/2024-Health - നമ്പർ കുറിപ്പ് പ്രകാരം)
6. ധനകാര്യ (ലോൺസ്) വകുപ്പ്. (22/10/2024-ലെ 2920624/L1/258/2024-FIN - നമ്പർ കുറിപ്പ് പ്രകാരം)
7. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
8. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/76/2023-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 15-02-2025 09:50:56

സെക്ഷൻ ഓഫീസർ.